(ബി & സി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) കൊല്ലം ജില്ലയിൽ, കൊട്ടാരക്കരയിലും തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിലും ഓരോ റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ തുടങ്ങുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും തൽക്കാലം തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിലും കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലും ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ഉൾപ്പെടെ 5 പുതിയ സബ് ആർ.ടി.ഒ. ഓഫീസുകൾ അനുവദിച്ചുകൊണ്ട് 13-12-2010-ൽ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ജലഗതാഗത വകുപ്പിലെ ലാസ്കർ തസ്തികയിലെ നിയമനം

119 (2219) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിലെ ലാസ്കർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നറിയിക്കുമോ ; പി.എസ്.സി. യുടെ പുതിയ ലാസ്കർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് അഡ്വൈസ് മെമ്മോ നൽകി എന്നും ഇതിൽ എത്രപേർ ജോലിയിൽ പ്രവേശിച്ചുവെന്നും അറിയിക്കുമോ ;

(ബി) മെമ്മോയും നിയമന ഉത്തരവും ,അയച്ചിട്ടും ജോലിക്ക് ഹാജരാകാത്ത എത്ര പേരുണ്ട് ; ഹാജരാകാത്തതുമൂലം ഉള്ള ഒഴിവുകൾ പി.എസ്.സി. യെ യഥാസമയം അറിയിച്ചിട്ടുണ്ടോ ;

(സി) ഇപ്രകാരം അറിയിപ്പ് നൽകിയതിന്റെ കത്ത് നമ്പരും തീയതിയും വ്യക്തമാക്കുമോ ; ഇപ്രകാരമുണ്ടായ എൻ.ജെ.ഡി. ഒഴിവുകളിലേക്ക് പി.എസ്.സി. അറിയാതെ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ;

(ഡി) ബോട്ട് ലാസ്കർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചശേഷം മറ്റ് ജോലികൾ ലഭിച്ച് ജലഗതാഗത വകുപ്പിൽ നിന്നും വിട്ടുപോയവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഈ ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്താൻ അടിയന്തരനടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ;

(ഇ) 2011 മാർച്ചിൽ വിരമിക്കുന്നവരുടെ ഒഴിവുകളിലേക്കും എ.എൻ.ജെ. ഡി. ഒഴിവുകളിലേക്കും പുതിയ ലാസ്കർമാരെ നിയമിക്കുവാൻ പി.എസ്.സി. ആവശ്യപ്പെട്ട ക്ലാരിഫിക്കേഷൻ റിപ്പോർട്ട് ജലഗതാഗത വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നിന്നും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ബോട്ട് ലാസ്കർ തസ്തികയിൽ ഇനിയും ഒഴിവുള്ള എല്ലാ തസ്തികകളിലും അടിയന്തരമായി നിയമനം നടത്താൻ ഉത്തരവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജലഗതാഗത വകുപ്പിൽ ലാസ്കർ തസ്തികയിൽ 11 ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകൾ പി.എസ്.സി. യുടെ നിർദ്ദേശപ്രകാരം എൻ.സി.എ. റിസർവേഷൻ നിയമനങ്ങൾക്കായി മാറ്റിവച്ചിരിക്കുകയാണ്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ പുതിയ റാങ്ക് ലിസ്റ്റിൽ നിന്നും അഡ്വൈസ് ചെയ്ത 178 പേർക്കും വകുപ്പിൽ നിന്നും നിയമന ഉത്തരവ് നൽകി. ഇവരിൽ 167 പേർ ജോലിയിൽ പ്രവേശിച്ചു.

(ബി) നിയമന ഉത്തരവ് അയച്ചിട്ടും 11 പേർ ജോലിയിൽ ഹാജരാകാത്തതായി ഉണ്ട്. മേൽപ്പടി 11 ഒഴിവുകളും പി.എസ്.സി.യെ. യഥാസമയം അറിയിച്ചിട്ടുണ്ട്.

(സി) ഇപ്രകാരം അറിയിപ്പ് നൽകിയതിന്റെ കത്ത് നമ്പർ ൻ1-132/06 തീയതി 17-6-2010 ആണ്. ഇപ്രകാരം ഉണ്ടായ എൻ.ജെ.ഡി. ഒഴിവുകളിലേക്ക് പി.എസ്.സി. നിയമനം നടത്തിയിട്ടില്ല. പി.എസ്.സി.യുടെ 12-7-2010-ലെ RIC(2)38090/09/GW നമ്പർ കത്തിലെ നിർദ്ദേശപ്രകാരമാണ് ടി ഒഴിവുകളിൽ നിയമനം നൽകിയിട്ടുള്ളത്.

(ഡി) ബോട്ട് ലാസ്കർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതിനു ശേഷം മറ്റ് ജോലികൾ ലഭിച്ച് വിടുതൽ ചെയ്ത് പോയിട്ടുള്ള 9 ഒഴിവുകളിൽ 6 ഒഴിവുകളിലേക്ക് പി.എസ്.സി.യുടെ നിർദ്ദേശ പ്രകാരം 178 പേരുടെ അഡ്വൈസ് ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയും ബാക്കിയുള്ള 3 ഒഴിവുകൾ ഉൾപ്പെടെ 11 ഒഴിവുകൾ പി.എസ്.സി. യുടെ നിർദ്ദേശപ്രകാരം എൻ.സി.എ. ഒഴിവുകളായി നീക്കിവെച്ചിട്ടുള്ളതുമാണ്.

(ഇ) പി.എസ്.സി. ആവശ്യപ്പെട്ട ക്ലാരിഫിക്കേഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(എഫ്) ലാസ്കർ തസ്തികയിൽ 2010-11 വർഷം സപ്ലൈ ന്യൂമറിയായി യഥാസമയം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള 11 ഒഴിവുകൾ എൻ.സി.എ. വിഭാഗത്തിനായി സംവരണം ചെയ്ത് നീക്കി വെച്ചിരിക്കുകയാണ്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്യുന്നതാണ്.

ജലഗതാഗത വകുപ്പിന്റെ കീഴിൽ പുതിയ ബോട്ട് സർവ്വീസ്

120 (2220) ശ്രീ. പി. തിലോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിന്റെ കീഴിൽ കൊല്ലം-ആലപ്പുഴ റൂട്ടിൽ പുതിയ ബോട്ട് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ ; ഈ സർവ്വീസ് ആരംഭിച്ചിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കുമോ ; ഈ സർവ്വീസിന്റെ ഭാഗമായി ആവശ്യമായ ബോട്ട് ജീവനക്കാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;